## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 968 30.06.2015-ലെ മറുപടിയ്ക്ക്

### പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |
| എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പദ്ധതി വിഹിതമായി എത്ര തുകയാണ് 2013-14 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത്; അതിൽ എത്ര തുക ചെലവഴിച്ചു; | എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2013-14-ൽ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ പ്രത്യേകം തുകയൊന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 55 കോടി രൂപയും മുൻ വർഷങ്ങളിലെ ചെലവുകഴിച്ചുള്ള ബാക്കി തുകയും പലിശയിനത്തിൽ ലഭിച്ച വരുമാനവും ഉൾപ്പെടെ ഉണ്ടായിരുന്ന 99.91 കോടി രൂപയിൽ 4.88 കോടി രൂപ 2013-14-ൽ ചെലവഴിച്ചിട്ടുണ്ട്. |
| ബി) 2014-15 ലെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചു; ഇതുവരെ എത്ര തുക ചെലവഴിച്ചു; നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ഏതുഘട്ടം വരെയായി? | ബി) 2014-15-ൽ 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.<br>ഇതേവരെ (31.03.2015 വരെ) ആകെ 27.40 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>കോളേജിന്റെ അക്കാദമി കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. കോളേജും അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

Rashmi

സെക്ഷൻ ഓഫീസർ